**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2799** **18-03-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ വിദ്യാർത്ഥികളുടെ എം.ബി.ബി.എസ്. പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | 2016-2022 കാലയളവിൽ പട്ടികജാതി പട്ടികവർഗ വികസന വകുപ്പിന്റെ ധനസഹായത്തോടെ എത്ര വിദ്യാർത്ഥികൾ വിദേശത്ത് നിന്നും എം.ബി.ബി.എസ്. പഠനം പൂർത്തീകരിച്ചിട്ടുണ്ട്; ഓരോ വിദ്യാർത്ഥിക്കും എം.ബി.ബി.എസ്. പഠനത്തിനായി എത്ര രൂപയാണ് ധനസഹായം നൽകുന്നത് എന്നറിയിക്കാമോ; | (എ) | പോസ്റ്റ് ഗ്രാഡുവേഷൻ കോഴ്സുകൾക്കാണ് ആനുകൂല്യം അനുവദിക്കുന്നത്. എം.ബി.ബി.എസ് കോഴ്സിന് ആനുകൂല്യം അനുവദിക്കുന്നില്ല. |
| (ബി) | പട്ടികജാതി പട്ടികവർഗ വികസന വകുപ്പിന്റെ ധനസഹായത്തോടെ നിലവിൽ എത്ര കുട്ടികൾ വിദേശത്ത് പഠിക്കുന്നുണ്ട്; പ്രസ്തുത ആനുകൂല്യം ലഭിക്കാനുള്ള വരുമാനപരിധി ഉയർത്തുമോ എന്നറിയിക്കാമോ? | (ബി) | പട്ടികജാതി വികസന വകുപ്പ്/പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ ധനസഹായത്തോടെ 111 വിദ്യാർത്ഥികൾ നിലവിൽ വിദേശത്ത് പഠിക്കുന്നുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ പ്രസ്തുത സ്കോളർഷിപ്പിന്റെ വരുമാനപരിധി ഉയർത്തുന്നത് നിലവിൽ പരിഗണനയിലില്ല. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശപഠനം നടത്തുന്നതിന് വരുമാനപരിധിയില്ല. |

സെക്ഷൻ ഓഫീസർ